# SYRO-MALANKARA CATHOLIC CHURCH

Moran Mor Baselios Cleemis
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum - 695 004

No. CCL 1/2009

*ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ!*

**സർക്കുലർ**

**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ**
**പ്രഥമ കാതോലിക്കാബാവാ**
**മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനിയുടെ**
**രണ്ടാമത് ശ്രാദ്ധപ്പെരുന്നാൾ**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യവൈദികരേ, ശെമ്മാശന്മാരേ, ബഹു. സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായുമായിരുന്ന ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമനസ്സ് സ്വർഗ്ഗീയഭാഗ്യത്തിലേക്ക് പ്രവേശിച്ചിട്ട് 2009 ജനുവരി 18-ാം തീയതി രണ്ടുവർഷം തികയുകയാണ്. സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് മലങ്കരസഭയെ തിരികെ കൊണ്ടുവന്ന പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും ഭാഗ്യസ്മരാണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി 1995-ലാണ് പരിശുദ്ധ സിറിൽ ബസേലിയോസ് ബാവാതിരുമേനി മലങ്കര കത്തോലിക്കാസഭയുടെയും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും ചുമതല ഏറ്റെടുത്തത്. 1978-ൽ ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സാരഥ്യം ഏറ്റെടുത്ത പരിശുദ്ധ ബാവാതിരുമേനി തന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ നിസ്വാർത്ഥമായി വ്യയം ചെയ്താണ് അതിനെ ആദ്ധ്യാത്മികമായും ഭൗതികമായും കെട്ടിപ്പടുത്തത്. തികച്ചും സ്വയം പര്യാ

പ്തമായ ഒരു സമൂഹമാക്കി ആ ഭദ്രാസനത്തെ വളർത്തുന്നതിൽ തിരു മേനി വഹിച്ച പങ്ക് നിസ്തുലമാണ്.

1995–ൽ തിരുവനന്തപുരത്ത് സഭാദ്ധ്യക്ഷനായി എത്തിച്ചേർന്ന അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിന്റെ ആഴം അടുത്തറിയുവാൻ സമസ്ത മേഖലകളിലുള്ളവർക്കും കഴിയുന്ന വിധത്തിൽ വിശാലമാ യിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ഒരു ദാർശനികൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ചിന്തകൾ സമകാലീന സമൂഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിലുള്ള അനേ കർ അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനായി കാതോർക്കുന്നത് നാം ഏവരും കണ്ടിട്ടുള്ളതാണ്. വസ്തുതകളെകുറിച്ചുള്ള അവഗാഹവും ഉൾക്കാഴ്ചകളും ബോദ്ധ്യങ്ങളും അദ്ദേഹത്തിന്റെ ദർശനങ്ങൾക്ക് കൂടുതൽ മിഴിവേകി. ഭാരതീയ സംസ്കാരത്തെയും പാരമ്പര്യങ്ങ ളെയും പ്രതീകങ്ങളെയും നെഞ്ചോടു ചേർത്ത്പിടിച്ചിരുന്ന ഒരു മുനിശ്രേഷ്ഠനായിരുന്നു പരിശുദ്ധ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ. സന്യാസത്തിന്റെ അന്തർധാരകളെ തേടിയുള്ള അദ്ദേഹത്തിന്റെ തീർത്ഥാടനത്തിൽ ഭാരതീയ, പൗരസ്ത്യ, പാശ്ചാത്യ സന്യാസത്തിന്റെ സംഗമവേദികൾ നമുക്കു കാണുവാൻ കഴിയുമായി രുന്നു. സന്യാസത്തെകുറിച്ചുള്ള പൗരാണികമായ സങ്കൽപങ്ങളി ലേക്ക് കഠിനാധ്വാനത്തിന്റെയും വികസന വിപ്ലവത്തിന്റെയും സ്വയം പര്യാപ്തതയുടെയും പുതിയ സങ്കൽപങ്ങൾ അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ അദ്ദേഹം അറിയ പ്പെട്ടിരുന്നു. എല്ലാ മനുഷ്യരും തങ്ങളിൽ കുടികൊള്ളുന്ന ദൈവിക ജീവന്റെ അന്തസ്സിൽ ജീവിക്കുമ്പോഴാണ് സമൂഹവികസനം സാധി തമാകുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. ബത്തേരി ഭദ്രാസനത്തിലും പിന്നീട് തിരുവനന്തപുരം അതിഭദ്രാസനത്തിലുമുള്ള സാമൂഹിക പ്രേഷിത മേഖലകൾക്ക് അദ്ദേഹം പുത്തനുണർവ് നൽകിയത് പുതിയ വികസന മന്ത്രങ്ങളും പുതിയ ദർശനങ്ങളും നൽകിക്കൊണ്ടായിരുന്നു.

മലങ്കര സഭയുടെ സവിശേഷമായ പാരമ്പര്യങ്ങളോടും സഭാ ത്മകജീവിതത്തോടും ആരാധനാക്രമത്തോടും പരിശുദ്ധ സിറിൽ ബസേലിയോസ് ബാവാതിരുമേനി പിൻതുടർന്ന മനോഭാവങ്ങൾ നമ്മുടെ തലമുറയ്ക്ക് ഏറെ പ്രചോദനമായി. സഭയുടെ വളർച്ചയിലും കെട്ടുറപ്പിലും സവിശേഷമായ കരുതലും ശ്രദ്ധയും അദ്ദേഹം നൽകി ക്കൊണ്ടിരിക്കുമ്പോഴും ഇതര സഭാസമൂഹങ്ങളോടും മതവിഭാഗങ്ങ

ളോടും സംവദിക്കുവാനുള്ള എല്ലാ വഴികളും അദ്ദേഹം തുറന്നിട്ടിരുന്നു. ഭാരത ക്രൈസ്തവസമൂഹത്തിന്റെ വക്താവായി മതാന്തര സംവാദ ങ്ങളിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. വിദ്യാ ഭ്യാസത്തെക്കുറിച്ചും ആ പ്രേഷിതമേഖലയിൽ നമുക്കു നിർവ്വഹിക്കു വാനുള്ള പ്രത്യേക പങ്കിനെക്കുറിച്ചും അദ്ദേഹം നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുമായിരുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾ ഈ മേഖല യിൽ നടത്തുന്ന ശക്തമായ ശുശ്രൂഷകളെക്കുറിച്ച് അദ്ദേഹം അഭിമാ നംകൊണ്ടിരുന്നു. ഈ മേഖലയിൽ ഭരണഘടനാപരമായി നമുക്കു ണ്ടായിരുന്ന അവകാശങ്ങൾ അടിയറ വയ്ക്കുവാൻ അദ്ദേഹം തയ്യാ റായിരുന്നില്ല. അധികാരസ്ഥാനത്തുള്ളവരെ അദ്ദേഹം നിരന്തരം അതി നെക്കുറിച്ച് ബോധ്യപ്പെടുത്തുമായിരുന്നു.

പരിശുദ്ധ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യ ക്ഷനായി ശുശ്രൂഷ ചെയ്ത 12 വർഷങ്ങൾ മേജർ അതിഭദ്രാസനത്തെ സംബന്ധിച്ച് നിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു. അതിഭദ്രാസനം അതിന്റെ സമസ്ത മേഖലകളിലും കൈവരിച്ച നേട്ട ങ്ങൾക്ക് നമ്മുടെ തലമുറ ദൃക്സാക്ഷികളാണ്. അതിഭദ്രാസനത്തിന്റെ വിവിധ മേഖലകളിൽ നമ്മുടെ സഭാനേതൃത്വത്തിന്റെ സവിശേഷമായ ശ്രദ്ധ നൽകുവാൻ പരിശുദ്ധ ബാവാ തിരുമേനി നടത്തിയ പരിശ്രമ ങ്ങളുടെ സത്ഫലങ്ങളാണ് നാം ഇന്ന് അനുഭവിക്കുന്നത്.

നമ്മുടെ സഭാജീവിതത്തിൽ പരിശുദ്ധ ബാവാ തിരുമേനിയെ അവിസ്മരണീയനാക്കുന്നത് മലങ്കര കത്തോലിക്കാസഭയെ സാർവ്വ ത്രികസഭാ കൂട്ടായ്മയിൽ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ യായി വളർത്തുന്നതിൽ അദ്ദേഹം നൽകിയ ക്രിയാത്മകവും ശക്ത വുമായ നേതൃത്വമാണ്. അതുവഴിയായി അദ്ദേഹത്തിലേക്ക് വന്നു ചേർന്ന സ്ഥാനങ്ങളും അധികാരങ്ങളുമെല്ലാം തന്റെ സഭ കൈവരിച്ച അംഗീകാരമായി മാത്രമേ അദ്ദേഹം പരിഗണിച്ചുള്ളൂ. അദ്ദേഹത്തിന്റെ ദർശനങ്ങളെയും ചിന്താധാരകളെയും നിരന്തരം ഉൾക്കൊണ്ട് സഭാ ത്മക ജീവിതത്തിലും പൊതുജീവിതത്തിലും ഇഴുകിച്ചേരുവാൻ നമ്മുടെ സഭാമക്കളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലി യോസ് കാതോലിക്കാബാവായുടെ രണ്ടാം ഓർമ്മപ്പെരുന്നാൾ 2009

ജനുവരി 18-ാം തീയതി ഏറ്റം സമുചിതമായി ആചരിക്കുവാൻ ഞാനേവരെയും ആഹ്വാനം ചെയ്യുന്നു. അന്നേദിവസം നമ്മുടെ എല്ലാ ദൈവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പരിശുദ്ധ ബാവാതിരുമേനിയെ അനുസ്മരിക്കുകയും ധൂപാർപ്പണത്തോടെ പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

2009 ജനുവരി 18 ഞായറാഴ്ചയായതിനാൽ 17-ാം തീയതി ശനിയാഴ്ചയാണ് പരിശുദ്ധ ബാവാതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന തിരുവനന്തപുരത്തെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ശ്രാദ്ധപ്പെരുന്നാളിന്റെ പൊതുവായ ശുശ്രൂഷകൾ നടക്കുന്നത്. ജനുവരി 16-ന് വൈകിട്ട് 6.30-ന് കബറിങ്കൽ സന്ധ്യാപ്രാർത്ഥനയും ധൂപപ്രാർത്ഥനയും നടക്കും. ജനുവരി 17-ന് രാവിലെ 8 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ പ്രാർത്ഥനയും വിശുദ്ധ കുർബാനയും അനുസ്മരണാ പ്രസംഗവും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്. ഈ ശുശ്രൂഷകളിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ നിങ്ങളെ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും അപ്പസ്തോല സമൂഹത്തിന്റെയും വിശിഷ്യാ, നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമേൻ

എന്ന്

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

05.01.2009
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.